(ബി) ഓരോ സ്ഥലത്തും എത്ര പേർക്കുവീതം അന്നദാനം നൽകാനാണ് അനുമതി നൽകിയിരുന്നത് ; നിലവിലുള്ള ദേവസ്വം ബോർഡിന് കൂടുതൽ സ്ഥലത്ത് വച്ച് അന്നദാനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എവിടെയെല്ലാം വച്ചാണ് കൂടുതലായി അന്നദാനം നൽകുന്നത് ; എത്ര പേർക്ക് വീതം ഓരോ സ്ഥലത്തുവച്ചും അന്നദാനം നൽകാനാണ് അനുമതിയുള്ളത് ;

(ഡി) സ്വാദിഷ്ടവും വൃത്തിയുള്ളതുമായ ഭക്ഷണം നൽകുന്നുണ്ടോ എന്നറിയുവാൻ എന്തെല്ലാം സംവിധാനങ്ങൾ ചെയ്തിട്ടുണ്ട് ?

ഉത്തരം

(എ–ഡി) വിവരം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്ന് ശേഖരിച്ചുവരുന്നു.

ശബരിമല തീർത്ഥാടകർക്ക് അന്നദാനം

79 [757] ശ്രീ. ഇ. എം. അഗസ്തി :
„ എം. എം. ഹസ്സൻ :
„ പി. ടി. തോമസ് :
„ കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല തീർത്ഥാടകർക്കുവേണ്ടി പമ്പ, നിലയ്ക്കൽ, സന്നിധാനം എന്നിവിടങ്ങളിൽ അന്നദാനം നടത്തുവാൻ തയ്യാറായി സ്വകാര്യ സംഘടനകളോ വ്യക്തികളോ മുന്നോട്ട് വന്നിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആരെല്ലാം ; അവർക്ക് ഇതിനുള്ള അനുവാദം കൊടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കാമോ ?

ഉത്തരം

(എ & ബി) വിവരം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്ന് ശേഖരിച്ചുവരുന്നു.

ക്ഷേത്രങ്ങളുടെ വരുമാനം

80 [759] ശ്രീ. എ. സി. ഷണ്മുഖദാസ് :
„ കെ. പി. മോഹനൻ :
„ സി. കെ. നാണു :
ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷേത്രങ്ങളുടെ ആവശ്യങ്ങൾക്കല്ലാതെ ക്ഷേത്രങ്ങളുടെ വരുമാനം ഉപയോഗിച്ചിട്ടുണ്ടോ ;

(ബി) ക്ഷേത്രങ്ങളുടെ വരുമാനത്തിന്മേൽ ഏതെങ്കിലും നികുതി സർക്കാർ ചുമത്തിയിട്ടുണ്ടോ ;

നക്ഷത്രചിഹ്നമിടാത്ത 758-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ മൊത്തം എത്ര വരുമാനമാണ് ഇതിൽ നിന്നും പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി & സി) നിലവിൽ ക്ഷേത്രങ്ങളുടെ വരുമാനത്തിന്മേൽ നികുതിയൊന്നും തന്നെ ചുമത്തി വരുന്നില്ല.

എല്ലാ മതസ്ഥർക്കും ആരാധനാ സ്വാതന്ത്ര്യം അനുവദിക്കുന്ന ക്ഷേത്രങ്ങൾ

81 [760] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ മതസ്ഥർക്കും ആരാധനാ സ്വാതന്ത്ര്യം അനുവദിക്കുന്ന പ്രമുഖ ക്ഷേത്രങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈശ്വര വിശ്വാസികളായ ഇതര മതസ്ഥർക്കും ക്ഷേത്രാരാധന നടത്തുവാനുതകുന്ന നിയമം ആവിഷ്കരിക്കുവാൻ ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(സി) ക്ഷേത്രദർശനം നടത്തുന്നതിന് വിലക്കേർപ്പെടുത്തുന്നവരെ ബോധവത്ക്കരിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ശബരിമല, പമ്പ, എരുമേലി എന്നീ ക്ഷേത്രങ്ങളിൽ എല്ലാ മതസ്ഥർക്കും ആരാധനാ സ്വാതന്ത്ര്യമുണ്ട്.

(ബി & സി) ഈക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ക്ഷേത്രഭരണം സംബന്ധിച്ച നിയമങ്ങളിൽ ഭേദഗതി

82 [761] ശ്രീ. കെ. മുഹമ്മദാലി :
,, കെ. സുധാകരൻ :
,, എം. കെ. പോൾസൺ മാസ്റ്റർ :
,, കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലിരിക്കുന്ന ക്ഷേത്രഭരണം സംബന്ധിച്ച നിയമങ്ങളിൽ ഭേദഗതിവരുത്താനുദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിയമത്തിന് എന്തെല്ലാം ഭേദഗതി വരുത്തുവാൻ ആണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ & ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly